# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4752 22.03.2018-ൽ മറുപടിക്ക്**

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.ടി.സി) എത്ര സ്പിന്നിങ് മില്ലുകളാണ് ഉള്ളത്; ഇവയിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി പ്രവർത്തനം തുടരാൻ നിവൃത്തിയില്ലാത്തവ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിനു കീഴിൽ പ്രവർത്തിക്കുന്ന 6 സ്പിന്നിംഗ് മില്ലുകളാണുള്ളത്. മില്ലുകൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിലും പ്രവർത്തനം തുടരാൻ നിവൃത്തിയില്ലാത്ത സാഹചര്യമില്ല. |
| (ബി) കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഗുണമേന്മയുള്ള കോട്ടൺ കുറഞ്ഞ വിലയ്ക്ക് ലഭിച്ചിട്ടും ഈ സ്പിന്നിങ് മില്ലുകൾ സാമ്പത്തിക പ്രതിസന്ധിയിലായതിന് കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) കോട്ടൺ കോർപ്പറേഷനിൽ നിന്നുള്ള കോട്ടണിന് ഗുണമേന്മയിലും അളവിലും കൃത്യത ഉറപ്പാക്കുവാൻ പറ്റില്ല. എന്നിരുന്നാലും കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകൾക്ക് 2016 സെപ്റ്റംബർ മുതൽ 2018 ഫെബ്രുവരി വരെ കോട്ടൺ ലഭ്യമായിരുന്നില്ല. ആയതിനു കാരണം 2016 ആഗസ്റ്റ് മാസത്തിൽ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിലൂടെ ബുക്ക് ചെയ്ത 400 ബെയ്ൽ കോട്ടൺ, സാമ്പത്തിക പ്രതിസന്ധി മൂലം വാങ്ങുവാൻ കഴിയാത്തതിനാൽ ഇടപാടുകൾ നിർത്തേണ്ടി വന്നതുകൊണ്ടാണ്. 2018 മാർച്ച് മാസം മുതൽ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും വീണ്ടും കോട്ടൺ വാങ്ങി തുടങ്ങിയിട്ടുണ്ട്. മില്ലുകൾ സാമ്പത്തിക പ്രതിസന്ധിയിലായതിനു കാരണമായത് മിൽ ആധുനീകരണം നടത്താതിരിക്കൽ, തൊഴിലാളികളുടെയും പഴയ മെഷീനുക |

ളുടെയും ഉൽപാദനക്ഷമത കുറവ്, നൂലിന്റെ താഴ്ന്ന ഗുണനിലവാരം, അസംസ്കൃത വസ്തുക്കളുടെ വിലയിലും നൂൽ വിലയിലുമുള്ള കുറഞ്ഞ വിടവ് എന്നിവയാണ്.

| | |
|---|---|
| (സി) ഇപ്രകാരം തകർച്ചയിലായ സ്പിന്നിങ് മില്ലുകളെ അടച്ചു പൂട്ടലിന്റെ വക്കിൽ നിന്നും കരകയറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിലവിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2016-17 ൽ 10.30 കോടി രൂപയും, 2017-18 വർഷത്തിൽ 13.39 കോടി രൂപയും ധനസഹായം ലഭ്യമാക്കി യിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കോർപ്പറേഷന്റെ കീഴിൽ വരുന്ന മില്ലുകൾക്കായി 65 കോടി രൂപയുടെ ധനസഹായം (പ്രവർത്തന മൂലധനമായി 20 കോടി രൂപയും ആധുനിക വൽക്കരണത്തിനും വികസനത്തിനുമായി 45 കോടി രൂപയും) വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ